കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ചെറിയപ്പിള്ളി സെന്റ് ആന്റണീസ് ചർച്ച് സെമിത്തേരി നിർമ്മാണം - അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.1866/13/തസ്വഭവ തിരുവനന്തപുരം, തീയതി: 16/07/2013.

---

പരാമർശം: 1) എറണാകുളം ജില്ലാ കളക്ടറുടെ 30.10.2008-ലെ ഡി.ഡിസ്/68603/07/എം.5 നമ്പർ നടപടിക്രമം.

2) ചെറിയപ്പിള്ളി സെന്റ് ആന്റണീസ് ദേവാലയത്തിന്റെ സെമിത്തേരി നിർമ്മാണത്തിനു വേണ്ടി 28.11.2008-ൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.

## ഉത്തരവ്

പറവൂർ താലൂക്ക്, കോട്ടുവള്ളി പഞ്ചായത്ത്, ചെറിയപ്പിള്ളി സെന്റ് ആന്റണീസ് ദേവാലയത്തിന് വേണ്ടി സെമിത്തേരി (റീ ഇൻഫോഴ്സ്ഡ് കോൺക്രീറ്റ് വോൾട്ട്) പണിയുന്നതിനുള്ള അപേക്ഷ എറണാകുളം ജില്ലാ കളക്ടർ പരാമർശം (1) പ്രകാരം നിഷേധിച്ചിരുന്നു. ഇതിനെതിരായി പള്ളി വികാരി പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു. ആയതിൻ പ്രകാരം 20.05.2013-ൽ പള്ളി വികാരിയെയും ബന്ധപ്പെട്ട കക്ഷികളെയും നേരിൽ കേൾക്കുകയുണ്ടായി.

2) പള്ളിവികാരിയും സെക്രട്ടറിയും, കളക്ടറുടെ പ്രതിനിധിയും, എൻ.എസ്.എസ് കരയോഗ പ്രതിനിധിയും, എസ്.എൻ.ഡി.പി പ്രതിനിധിയും, സെമിത്തേരി നിർമ്മാണ വിരുദ്ധ സമിതി പ്രതിനിധിയും ഹിയറിംഗിൽ ഹാജരായിരുന്നു.

3) സെമിത്തേരി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ 25 മീറ്റർ ചുറ്റളവിൽ ജനവാസഗൃഹങ്ങളോ, കുടിവെള്ള സ്രോതസ്സുകളോ ഇല്ലായെന്നും കോൺക്രീറ്റ് വോൾട്ട് ആയതിനാൽ പരിസരമലിനീകരണം ഉണ്ടാകാനിടയില്ല എന്നും പള്ളി വികാരി അറിയിച്ചു.

4) സെമിത്തേരി പണിയുന്നതിന് നിയമപരമായി മറ്റു തടസ്സങ്ങൾ ഇല്ലെന്നും പണിയുവാൻ അനുവാദം നൽകിയാൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന റൂറൽ പോലീസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നിഷേധിച്ചതെന്ന് ജില്ലാ കളക്ടറുടെ പ്രതിനിധി അറിയിച്ചു.

5) സെന്റ് ആന്റണീസ് ദേവാലയത്തിനു ചുറ്റുമുള്ള മറ്റു ദേവാലയങ്ങളെക്കുറിച്ചും സെന്റ് ആന്റണീസ് ദേവാലയത്തിനു ചുറ്റും താമസിക്കുന്ന ഹിന്ദു, ക്രിസ്ത്യൻ, മുസ്ലീം കുടുംബങ്ങളുടെ വിവരങ്ങളും എൻ.എസ്.എസ്. കരയോഗം പ്രതിനിധി അറിയ്ച്ചു. കൂടാതെ ടി കോൺക്രീറ്റ് വോൾട്ട് പണിയുന്ന സ്ഥലത്തിന്റെ 50 മീറ്റർ ചുറ്റളവിൽ ധാരാളം വീടുകൾ ഉണ്ടെന്നും ശവം ജീർണിക്കുന്ന അവസരത്തിൽ ഉണ്ടാകുന്ന ദുർഗന്ധം സമീപമുള്ള വീടുകളിൽ അനുഭവപ്പെടാൻ സാദ്ധ്യതയുണ്ടെന്നും അജീർണ്ണാവശിഷ്ടങ്ങൾ നിക്ഷേപിക്കുന്ന ടാങ്ക് നിറയുമ്പോൾ

(. . . .2)

അത് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സൗകര്യം ടി സ്ഥലത്തിനില്ല എന്നുമുള്ള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ റിപ്പോർട്ട് എൻ.എസ്.എസ് കരയോഗപ്രതിനിധി ഹാജരാക്കുകയുണ്ടായി.

6) സെന്റ് ആന്റണീസ് ദേവാലയത്തിന്റെ സെമിത്തേരി പണിയുന്ന സ്ഥലത്തിനു ചുറ്റും ധാരാളം ഹിന്ദുമത വിശ്വാസികൾ താമസിക്കുന്നുണ്ടെന്നും സമാധാനമായ അന്തരീക്ഷത്തിൽ താമസിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കണമെന്ന് എസ്.എൻ.ഡി.പി പ്രതിനിധിയും, തങ്ങൾ കിണർ ജലമാണ് കുടിക്കാൻ ഉപയോഗിക്കുന്നതെന്നും സെമിത്തേരി പണിയുവാൻ അനുവാദം നൽകിയാൽ കുടിവെള്ള സ്രോതസ്സ് മലിനപ്പെടും എന്ന് സെമിത്തേരി നിർമ്മാണ വിരുദ്ധ സമിതിയുടെ പ്രതിനിധിയും അറിയിച്ചു.

7) എന്നാൽ 1998 -ലെ കേരള പഞ്ചായത്ത്രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5(1) പ്രകാരം കോൺക്രീറ്റ് കല്ലറകളുടെയും വൈദ്യുത ക്രിമറ്റോറിയങ്ങ ളുടെയും സംഗതിയിൽ ജനവാസഗൃഹങ്ങളിൽ നിന്നുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണ്. മേൽപറഞ്ഞ 1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ശ്മശാനത്തിനായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലത്തിന്റെ അനുയോജ്യതയെ സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസറുടെ ശുപാർശയാണ് ആവശ്യമായിട്ടുള്ളത്.

8) ഈ കേസിൽ 25 മീറ്ററിനുള്ളിൽ ഭവനങ്ങളില്ല എന്നും 25 മീറ്ററിനുള്ളിൽ കുടിവെള്ള സ്രോതസ്സില്ലെന്നും ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി കോൺക്രീറ്റ് വോൾട്ട് പണിയുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർ ശുപാർശ ചെയ്തിട്ടുണ്ട്.

1. 2.5 മീറ്ററിൽ കുറയാത്ത ഉയരത്തിലുള്ള മതിൽ ശ്മശാനഭൂമിക്കു ചുറ്റും പൂട്ടും താഴുമുള്ള ഇരുമ്പുഗേറ്റു സഹിതം നിർമ്മിക്കേണ്ടതാണ്.
2. യോഗ്യതയുള്ള ഒരു എഞ്ചിനീയറുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടതും 10 സെന്റീമീറ്റർ **RCC**-യിൽ കുറയാത്ത ഘനത്തോടുകൂടിയ സെല്ലുകളും 15 സെന്റീമീറ്റർ ഘനത്തോടുകൂടിയ വേസ്റ്റ് പിറ്റും നിർമ്മിക്കേണ്ടതും പൂർത്തീകരണ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ ആയതിനുള്ള സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
3. കാലാകാലങ്ങളിൽ സെമിത്തേരി വൃത്തിയാക്കേണ്ടതും പരിസരം വൃത്തിയായും ഭംഗിയായും സൂക്ഷിക്കേണ്ടതുമാണ്.
4. 'രാത്രികാലങ്ങളിൽ സെമിത്തേരിയിൽ വെളിച്ചം ഉണ്ടായിരിക്കേണ്ടതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.
5. സെമിത്തേരിയ്ക്കകത്തും ചുറ്റുപാടിലും പെട്ടെന്ന് പൂക്കുന്ന പ്രത്യേക വർഗ്ഗത്തിലുള്ള മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതും പൂന്തോട്ടം നിർമ്മിക്കേണ്ടതുമാണ്.
6. സെമിത്തേരി സൂക്ഷിപ്പുകാരൻ ഒരു രജിസ്റ്റർ വയ്ക്കേണ്ടതും എല്ലാ ശവസംസ്ക്കാരത്തിന്റെയും വിവരങ്ങൾ രജിസ്റ്ററിൽ സത്വരമായി രേഖപ്പെടുത്തേണ്ടതുമാണ്.

7. ഓരോ മൃതശരീരവും ചീയുന്നതിനുള്ള രണ്ടു വർഷ കാലാവധി അനുവദിയ്ക്കേണ്ടതുണ്ട്. ആയതിനാൽ 2 വർഷത്തിനു ശേഷം മാത്രമേ ശവക്കല്ലറ തുറന്ന് മറ്റൊരു മൃതദേഹം മറവു ചെയ്യാൻ പാടുള്ളു.

8. സെമിത്തേരി തുറന്നു പ്രവർത്തിക്കുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

9) സെമിത്തേരി പണിയുന്നതിന് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അനുവദനീയമാണെങ്കിലും ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാനിടയുണ്ടെന്ന റൂറൽ പോലീസ് സൂപ്രണ്ടിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ജില്ലാ കളക്ടർ അനുമതി നിഷേധിച്ചിട്ടുള്ളത്. എന്നാൽ ക്രമസമാധാന പ്രശ്നങ്ങൾ ഉണ്ടാകാനിടയുള്ള സ്ഥലങ്ങളിൽ സമാധാനം ഉണ്ടാക്കാനുള്ള നടപടികളാണ് പോലിസ് സംജാതമാക്കേണ്ടത്. ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്നതിന്റെ പേരിൽ നിയമപ്രകാരം അനുവദനീയമായിട്ടുള്ള കോൺക്രീറ്റ് വോൾട്ട് പണിയുന്നതിന് അനുമതി നിഷേധിക്കുന്നത് നിയമവിരുദ്ധമാണെന്ന് കാണുന്നു.

10) കോൺക്രീറ്റ് വോൾട്ടിന് ഭൂമിയുമായി ബന്ധമില്ലാത്തതിനാൽ ഭൂമി മലിനപ്പെടും എന്ന ആശങ്ക അടിസ്ഥാനരഹിതമാണ്. എന്നിരുന്നാലും ജില്ലാ മെഡിക്കൽ ഓഫീസറുടെ നിബന്ധനകൾക്ക് പുറമെ ലീക്ക്പ്രൂഫ് കോൺക്രീറ്റ് ആയിരിയ്ക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായും പോലീസ് പ്രൊട്ടക്ഷനോടു കൂടി, ചെറിയപ്പിള്ളി സെന്റ് ആന്റണീസ് ദേവാലയത്തിന് റീ ഇൻ ഫോഴ്സ്ഡ് കോൺക്രീറ്റ് വോൾട്ട് സെമിത്തേരി പണിയുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സി. വൽസല
ഗവ. ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, എറണാകുളം.
ഫാദർ ആൽബി കോണത്ത്, വികാരി, ചെറിയപ്പിള്ളി സെന്റ് ആന്റണീസ് ദേവാലയം, കോട്ടുവള്ളി, എറണാകുളം.
സെക്രട്ടറി, കോട്ടുവള്ളി ഗ്രാമപഞ്ചായത്ത്, എറണാകുളം.
ശ്രീ. ഷാജി. സി.സി., ചിരട്ടക്കുളം,. ചെറിയപ്പിള്ളി, കോട്ടുവള്ളി.പി.ഒ. എറണാകുളം.
സെക്രട്ടറി, എൻ.എസ്.എസ്. കരയോഗം നം.812, കൈതാരം.പി.ഒ, വെസ്റ്റ് പറവൂർ, എറണാകുളം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ